(സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പുളക്കാട് മണ്ഡലത്തിൽ പിള്ളത്തോട് ചെക്ക് ഡാം കടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ചാലക്കുടി വനം ഡിവിഷനിലെ പാലപ്പിള്ളി റെയ്ഞ്ചിൽ നിന്ന് 0.2 ഹെക്ടർ വനഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് യൂസർ ഏജൻസിയായ കൊടകര ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറിൽ നിന്ന് 1980-ലെ വനസംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷ ലഭ്യമായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പിള്ളത്തോട് ചെക്ക് ഡാം നിർമ്മാണത്തിനായി 0.2 ഹെക്ടർ സ്ഥലം 11-3-2014-ലെ സ.ഉ.(സാ) നമ്പർ 114/2014/വനം പ്രകാരം വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

നെല്ലിയാമ്പതി കരുണ എസ്റ്റേറ്റ്

295 (297) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്യ നൽകുന്നതിന് വനം വകുപ്പ് എൻ.ഒ.സി. നൽകിയിട്ടുണ്ടോ ; ഈ എൻ.ഒ.സി. പിന്നീട് ക്യാൻസൽ ചെയ്തിട്ടുണ്ടോ ; നിലവിലെ സ്ഥിതി എന്താണെന്നറിയിക്കുമോ ;

(ബി) ഇപ്രകാരം എൻ.ഒ.സി. നൽകിയത് നിയമാനുസൃതമാണോ എന്ന് വനം വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തായിരുന്നുവെന്നറിയിക്കുമോ ;

(സി) കരുണാ എസ്റ്റേറ്റിന് നിയമാനുസൃതമായ പ്രമാണം ഇല്ലെന്നും അവർ കൈവശം വച്ചിരിക്കുന്നത് വനഭൂമിയാണെന്നും കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ സി.സി.എഫ്., സർക്കാരിനെ എപ്പോഴെങ്കിലും അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ സി.സി.എഫ്. സർക്കാരിനെ അറിയിച്ച വിവരം മുൻ നെന്മാറ ഡി.എഫ്.ഒ. സർക്കാരിനെ

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഒരു ഡി.എഫ്.ഒ. വനഭൂമിയാണെന്ന് സർക്കാരിനെ അറിയിച്ച ഭൂമിക്ക് മറ്റൊരു ഡി.എഫ്.ഒ. പോക്കുവരവിന് എൻ.ഒ.സി. നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) പോക്കുവരവിന് എൻ.ഒ.സി., നൽകിയ ഡി.എഫ്.ഒ.-ക്ക് എതിരെ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നെല്ലിയാമ്പതിയിലെ കരുണാപ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള 314.4508 ഹെ. സ്ഥലത്തിന് കരം സ്വീകരിക്കുന്നതിന് തടസ്സമില്ല എന്ന് 28-4-2014-ലെ സി2-8521/2012 നമ്പർ കത്ത് പ്രകാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചിരുന്നു. 31-5-2014-ലെ സ.ഉ. 230/14/വനം പ്രകാരം നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ തീരുമാനമെടുക്കുന്നതുവരെ ടി ഉത്തരവിൽ പരാമർശിച്ച എതിർപ്പില്ലാ രേഖ മരവിപ്പിക്കുമെന്ന് ബഹു. മുഖ്യമന്ത്രി 8-7-2014-ൽ നിയമസഭയിൽ പ്രഖ്യാപിച്ചതിന്റെ വെളിച്ചത്തിലും, ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളയുടെ 8-7-2014-ലെ പ്രൊ. (11) 21741/2014-ലെ തുടർ നിർദ്ദേശം അനുസരിച്ചും പ്രസ്തുത എതിർപ്പില്ലാരേഖ മരവിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കരം ഒടുക്കുന്നതിനുമാത്രമുള്ള എതിർപ്പില്ലാ രേഖ പ്രകാരമുള്ള എല്ലാ നടപടികളും മരവിപ്പിക്കുന്നതിന് ചിറ്റൂർ തഹസിൽദാർക്കും 8-7-2014-ന് അറിയിപ്പ് നൽകിയിട്ടുണ്ട്. തൽസ്ഥിതി തുടരുന്നു.

(ബി) 31-5-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 230/2014/വനം പ്രകാരം സർക്കാർ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) എന്നിവർ ഉൾപ്പെട്ട മൂന്നംഗ സമിതിയെ നിയോഗിക്കുകയുണ്ടായിട്ടുണ്ട്. ഇപ്രകാരം അനുമതി നല്കിയതിൽ വനംവകുപ്പിന്റെ ഭാഗത്ത് നിന്ന് വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നാണ് പ്രസ്തുത റിപ്പോർട്ടിന്റെ കണ്ടെത്തൽ.

(സി) ഉണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കേണ്ടതാണെന്ന് കാണിച്ച് കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അദ്ദേഹത്തിന്റെ 12-8-2011-ലെ ബി2.2111/2011 പ്രകാരം സർക്കാരിലേക്ക് എഴുതുകയുണ്ടായി. ഈ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ G.O.(Rt) No. 52/13/F&WLD Dated 30-1-2013

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം നെന്മാറ ഡിവിഷന്റെ പരിധിയിലുള്ള സർക്കാർ വനം സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വെച്ചുവരുന്നത് സംബന്ധിച്ച് കൂടി G.O.(Rt) No. 04/13/F&WLD Dated 2-1-2013 പ്രകാരം നിയോഗിച്ച സമിതി അന്വേഷിക്കണമെന്ന് ഉത്തരവിടുകയുണ്ടായി.

(ഡി) കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിനെ അറിയിച്ച വിവരം മുൻ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സർക്കാരിനെ അറിയിച്ചിട്ടില്ല. എന്നാൽ ടി കത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12-8-2011-ലെ ബി2-2111/2011-ാം നമ്പർ കത്ത് പ്രകാരം ഒ.എ.583/76-ൽ ഉൾപ്പെട്ട പയല്ലൂർ വില്ലേജിലെ സീതാർഗുഡി എസ്റ്റേറ്റ് നിക്ഷിപ്ത വനഭൂമിയായി വി.എഫ്.സി. കണ്ടെത്തിയ സ്ഥലം ഇനം 35 പ്രകാരം അനധികൃതമായി ഉടമസ്ഥാവകാശമോ, താൽപ്പര്യമോ ഇല്ലാതെ സീതാർഗുഡി എസ്റ്റേറ്റ് കൈവശം വച്ചിരിക്കുകയായിരുന്നു എന്നും ഒ.എ. അപേക്ഷകന് ഇത് സംബന്ധിച്ച ആ സ്ഥലത്തിന്മേൽ യാതൊരു അവകാശവും ഇല്ലാത്ത സാഹചര്യത്തിൽ അവരുടെ വാദങ്ങൾ നിയമവിധേയമല്ലെന്ന് കണ്ടെത്തിയിരുന്നു. വേങ്ങനാട് കോവിലകത്തിന്റെ ഭൂമിയായിരുന്ന ഈ സ്ഥലത്തിന്റെ നിജസ്ഥിതിയെക്കുറിച്ചന്വേഷണം നടത്തിയപ്പോൾ ക്രമക്കേടുകൾ ഇതിനകത്ത് കടന്നുകൂടിയെന്നും അതിന്റെ അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ടീം രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ടി കത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ G.O. (Rt) No. 52/13/F&WLD Dated 30-1-2013 പ്രകാരം പരാമർശവിധേയമായ ക്രമക്കേടുകൾ കൂടി 2-1-2013-ൽ കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അദ്ധ്യക്ഷനായ സമിതി അന്വേഷിക്കാനായി ഉത്തരവിട്ടത്.

(ഇ) നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 13-7-2011-ലെ കത്ത് പ്രകാരവും കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12-8-2011-ലെ കത്ത് പ്രകാരവുമാണ് സ്വകാര്യ വ്യക്തികൾ നെന്മാറ ഡിവിഷനിൽപ്പെട്ട സർക്കാർ വനം അനധികൃതമായി കൈവശം വെച്ചുവരുന്നത് സംബന്ധിച്ചു കൂടി 2-1-2013-ൽ സർക്കാർ രൂപീകരിച്ച കമ്മിറ്റി അന്വേഷിക്കണമെന്ന് ഉത്തരവുണ്ടായത്. പ്രസ്തുത കമ്മിറ്റി 21-3-2014-ൽ ചേർന്ന യോഗത്തിൽ M/s കരുണാ പ്ലാന്റേഷന് പാട്ടത്തിന് നൽകിയിരുന്ന ഭൂമി സംബന്ധിച്ച രേഖകളും, പ്ലാന്റേഷൻ ഫയൽ ചെയ്ത കേസുകളും, അനുബന്ധ രേഖകളും, അവ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും പരിശോധിക്കുകയുണ്ടായി. കൂടാതെ, സമിതിയുടെ നിർദ്ദേശ പ്രകാരം ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വെ സൂപ്രണ്ട് സ്ഥലസന്ദർശനം നടത്തി 4-4-2014-ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം ബന്ധപ്പെട്ട രേഖകളും സ്ഥലപരിശോധനയും നടത്തി സർവ്വെ നമ്പറുകളിലുൾപ്പെട്ട ഭൂമി വനഭൂമിയല്ലെന്ന് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആണ് 314.4508 ഹെ. സ്ഥലത്തിന് പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ കരം സ്വീകരിക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചത്.

(എഫ്) 28-4-2014-ലെ സി2-8521/2012 നമ്പർ കത്ത് പ്രകാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 314.4508 ഹെ. സ്ഥലത്തിനുള്ള കരം സ്വീകരിക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന കത്ത് മാത്രമാണ് നൽകിയിട്ടുള്ളത്. കരമൊടുക്കാൻ അനുമതി നല്കിയതിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് നിന്നും തെറ്റുകളൊന്നും ഇല്ലെന്ന് മൂന്നംഗ കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ അയുസംബന്ധിച്ച നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

നെല്ലിയാമ്പതി കരുണാ പ്ലാന്റേഷനിലെ നിക്ഷിപ്ത വനഭൂമി

296 (298) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി കരുണാ പ്ലാന്റേഷനിലെ നിക്ഷിപ്ത വനഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് അന്തിമമായി തീരുമാനിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് കോടതിയുടെ ഏത് വിധിപ്രകാരമാണെന്നതും, പ്രസ്തുത കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത വിധിയ്ക്ക് എതിരെ വനം വകുപ്പ് അപ്പീൽ പോവുകയുണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടായിട്ടുണ്ടായിരുന്നു ; വനം വകുപ്പ് ഏതെല്ലാം ഘട്ടത്തിൽ ആരിൽ നിന്നെല്ലാം നിയമ ഉപദേശം തേടുകയുണ്ടായിട്ടുണ്ട് ; ലഭിച്ച നിയമ ഉപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോടതി വിധികളുടെ വെളിച്ചത്തിലും തുടർന്ന് നടത്തിയ സർവ്വേയുടെ വെളിച്ചത്തിലും കരുണാ എസ്റ്റേറ്റിലുണ്ടായിരുന്ന നിക്ഷിപ്ത വനഭൂമി

LIBRARY ARCHIVES Kerala Legislative Assembly